**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2316** **13-09-2023 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ ചെട്ടികാട് താലൂക്ക് ആശുപത്രിയുടെ നിർമ്മാണ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ആലപ്പുഴ മണ്ഡലത്തിലെ ചെട്ടികാട് താലൂക്ക് ആശുപത്രിയുടെ നിർമ്മാണ പുരോഗതിയുടെ വിശദവിവരം ലഭ്യമാക്കാമോ; | (എ) | ചെട്ടിക്കാട് താലൂക്ക് ആശുപത്രിയിൽ ഒ.പി, ഐ.പി, കാഷ്വാലിറ്റി ബ്ലോക്ക് എന്നിവ ഉൾപ്പെടുന്ന ജി+4 കെട്ടിടത്തിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു. താഴത്തെ നിലയിലെ റൂഫ് സ്ലാബിന്റെ 60% ഉം ഒന്നാം നിലയിലെ റൂഫ് സ്ലാബിന്റെ 42% ഉം ഉൾപ്പെടെ ആകെ 21.25% പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. |
| (ബി) | പ്രസ്തുത ആശുപത്രിയുടെ വികസനത്തിനായി സ്ഥലമേറ്റെടുക്കുന്ന നടപടി പൂർത്തീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (ബി) | ചെട്ടിക്കാട് താലൂക്ക് ആശുപത്രിയുടെ വികസനത്തിനായി 2.9568 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനായി 8.1967 കോടി രൂപ കിഫ്ബിയിൽ നിന്നും അനുവദിച്ചിരുന്നു. പ്രസ്തുത ഭൂമി ഏറ്റെടുക്കൽ നടപടികൾ അന്തിമഘട്ടത്തിലാണ്. എന്നാൽ ആശുപത്രിയിലേക്കുള്ള റോഡ്, പാർക്കിംഗ് റോഡ്, എസ്.റ്റി,പി എന്നിവയ്ക്കായി അധികമായി വേണ്ടിവരുന്ന 22 സെന്റ് ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച വിഷയം കിഫ്ബിയുമായി കൂടിയാലോചിച്ച് സർക്കാർ പരിശോധിച്ചുവരികയാണ്. |
| (സി) | ആര്യാട് പ്രാഥമികാരോഗ്യകേന്ദ്രം, നെഹ്രുട്രോഫി വാർഡ് പി.എച്ച്.സി, കലവൂർ ഐസൊലേഷൻ ബ്ലോക്ക് എന്നിവയുടെ നിർമ്മാണ പുരോഗതിയുടെ വിശദവിവരം ലഭ്യമാക്കാമോ; | (സി) | ആര്യാട് പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ നിലവിൽ പി.ഡബ്ല്യ.ഡി മുഖേന പുതിയ കെട്ടിട നിർമ്മാണം പുരോഗമിച്ചുവരുന്നു. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് എൻ.എച്ച്.എം മുഖേന അനുവദിച്ച 15.50 ലക്ഷം രൂപയുടെ പ്രവൃത്തി ആരംഭിക്കുന്നതാണ്.<br><br>നെഹ്രു ട്രോഫി വാർഡ് യു.പി.എച്ച്.സി യിൽ നവീകരണ പ്രവർത്തനത്തിന് 43 ലക്ഷം രൂപ എൻ.എച്ച്.എം മുഖേന അനുവദിച്ചിരുന്നെങ്കിലും ആയത് അപര്യാപ്തമായതിനാൽ പുതിയ പ്രോപ്പോസൽ പതിനഞ്ചാം ധനകാര്യകമ്മീഷനിൽ സമർപ്പിച്ചിട്ടുണ്ട്.<br><br>ആലപ്പുഴ നിയോജക മണ്ഡലത്തിലെ കലവൂർ ഫാമിലി ഹെൽത്ത് സെന്ററിൽ ഐസൊലേഷൻ |

| | | | |
|---|---|---|---|
| | | | വാർഡിന്റെ നിർമ്മാണ പ്രവൃത്തികൾ 100 % പൂർത്തിയാക്കി. ഉദ്ഘാടനത്തിന് സജ്ജമാണ് |
| (ഡി) | നാഷണൽ ഹെൽത്ത് മിഷൻ മുഖേന നടപ്പിലാക്കുന്ന മണ്ണഞ്ചേരി പി.എച്ച്.സി.യുടെ നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ? | (ഡി) | നിലവിലെ ഫണ്ട് അപര്യാപ്തമായതിനാൽ നിർമ്മാണ പ്രവർത്തനം തുടങ്ങുവാൻ സാധിച്ചിട്ടില്ല. ആയതിനാൽ പുതിയ കെട്ടിട നിർമ്മാണത്തിനുള്ള പ്രോപ്പോസൽ പരിഗണനയ്ക്കായി പതിനഞ്ചാം ധനകാര്യ കമ്മീഷന് സമർപ്പിക്കുന്ന 2023-24 ലെ പ്രൊപ്പോസലുകളിൽ ഉൾപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ